"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല- ബാലരാമപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് ശ്രീ.ഹരികൃഷ്ണ.വി.എസ് -ന് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2238/2025/LSGD തീയതി,തിരുവനന്തപുരം, 18-09-2025

---

പരാമർശം:-

1. 29.01.2005ലെ സ ഉ (സാധാ) നം.375/2005/എൽഎസ്ജിഡി
2. 12.04.2010ലെ സ ഉ (സാധാ) നം.1280/2010/തസ്വഭവ
3. പഞ്ചായത്ത് ഡയറക്ടറുടെ 03.03.2015ലെ ഇ6-5755/2015 നമ്പർ നടപടിക്രമം
4. പഞ്ചായത്ത് ഡയറക്ടറുടെ 13.12.2019ലെ PAN/13396/2019-E6(DP) നമ്പർ നടപടിക്രമം
5. ശ്രീ.ഹരികൃഷ്ണ വി എസ് സമർപ്പിച്ച 17.07.2025ലെ അവധി അപേക്ഷ
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.08.2025ലെ LSGD/PD/25711/2025-DEC3 നമ്പർ കത്ത്

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ഹരികൃഷ്ണ വി.എസ്, കേരള ലാ അക്കാഡമിയിൽ എം ബി എൽ കോഴ്സ് പഠിക്കുന്നതിനായി 16.08.2025 തീയതി മുതൽ 31.03.2027 വരെ 2 വർഷത്തേക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 അനുബന്ധം XII ബി പ്രകാരമുള്ള ശൂന്യവേതന അവധി അനുവദിക്കുന്നതിനായി പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2.06.08.2004 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ഹരികൃഷ്ണ വി.എസ് ന് പരാമർശം (1) പ്രകാരം 29.01.2005 മുതൽ 5 വർഷത്തേക്ക് കെ എസ് ഭാഗം ഒന്ന് അനുബന്ധം XII എ പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുകയും തുടർന്ന് പരാമർശം (2) , പരാമർശം (3) എന്നിവ പ്രകാരം 28.01.2020 വരെയും പരാമർശം (4) പ്രകാരം 29.01.2020 മുതൽ 5 വർഷത്തേക്ക് കൂടിയും ശൂന്യവേതനാവധി ദീർഘിപ്പിച്ചിച്ച് നൽകിയിട്ടുണ്ട്. അവധി കാലയളവ് അവസാനിച്ചതിനെ തുടർന്ന് ടിയാൻ 29.01.2025 ൽ ബാലരാമപുരം ഗ്രാമപഞ്ചായത്ത് ഓഫീസിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ അനുമതിയില്ലാതെ കെ എസ് ആർ ഭാഗം 1 അനുബന്ധം XII A ചട്ടം 9 പ്രകാരം ശൂന്യവേതനാവധി മുൻകാലപ്രാബല്യത്തിൽ അനുവദിക്കാൻ വ്യവസ്ഥയില്ലെന്നിരിക്കെ അപേക്ഷകന് പരാമർശം (3) പ്രകാരം 29.01.2015 മുതൽ 28.01.2020 വരെ മുൻകാലപ്രാബല്യത്തിൽ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകിയിരിക്കുന്നത് ക്രമ പ്രകാരമല്ല. ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. ഹരികൃഷ്ണ വി.എസ് കേരള ലാ അക്കാഡമിയിൽ എം ബി എൽ കോഴ്സ് പഠിക്കുന്നതിനായി ഉത്തരവ് തീയതിക്ക് ശേഷം അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മുതൽ 31.03.2027 വരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 അനുബന്ധം XII ബി യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതന അവധി അനുവദിച്ചും പരാമർശം (3) നടപടിക്രമം റദ്ദ് ചെയ്ത ശേഷം 29.01.2015 മുതൽ 28.01.2020 വരെയുള്ള കാലയളവിലേക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി ടിയാൻ മുൻകൂറായി സമർപ്പിച്ചിരുന്ന അവധി അപേക്ഷയും അനുബന്ധരേഖകളും ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,ബാലരാമപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീ. ഹരികൃഷ്ണ വി.എസ് , ക്ലർക്ക് , ബാലരാമപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ധനകാര്യ വകുപ്പ് 08..09.2025 ലെ e-3250776/ധെവ-1/186/2025-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

8.ഡയറക്ടർ , ഐ കെ എം

9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

10.കരുതൽ ഫയൽ (ഫയൽ നം.226/ഇപിഎ1/2025-എൽഎസ്ജിഡി)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 18-09-2025 16:50:21